Clause 3.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

SHRI A. J. JOHN : I move that the Travancore-Cochin General Sales Tax (Amendment) Bill be finally passed.

SHRI K. I. VELAYUDHAN : I second it.

The question that the Travancore-Cochin General Sales Tax (Amendment) Bill be finally passed was put and carried.

The Bill was passed.

The Travancore-Cochin State Aid to Industries (Amendment) Bill, 1956.

Minister for Health (SHRI A. A. RAHIM) : I beg to introduce the Travancore-Cochin State Aid to Industries (Amendment) Bill 1956.

Home Minister (SHRI A. J. JOHN) : I second it.

MR. DEPUTY SPEAKER : The Bill stands introduced.

SHRI A. A. RAHIM : I move that the Travancore-Cochin State Aid to Industries (Amendment) Bill 1956 be taken up for consideration at once.

SHRI A. J. JOHN : I second it.

ശ്രീ. എ. എ. റഹീം : 1952-ൽ സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ആക്ട് പാസ്സാക്കിയെങ്കിലും 1953 ഒടുവിൽ മാത്രമാണ് അതിനാവശ്യമുള്ള നിയമനിർമ്മാണം നടത്തുവാൻ ഇടവന്നിട്ടുള്ളത്. അതിനുവേണ്ടി ഒരു കോട്ട് രൂപീകരിച്ചതു് 1954 മേ യിലാണ്. ആ കാലതാമസത്തിനു പുറമെ അപേക്ഷാഫാറം അച്ചടിച്ചു കിട്ടുന്നതിനുള്ള താമസം വാല്യുവേഷൻ ഫീസ്, ആഡിറ്റഫീസ് ഇവ നിശ്ചയിക്കുന്നതിനുള്ള താമസം മുതലായവ വന്നതുകൊണ്ട് ചില പ്രയാസങ്ങളെല്ലാം നേരിട്ടിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകൾ അനുസരിച്ച് ധനസഹായം ചെയ്യുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹിം]

ഉന്നംക്കിയ ക്ലട്ടത്തിൽ നിയമപരമായി മറെ ചില തടസ്സങ്ങൾ കൂടിക്കാണ വാൻ സാധിച്ചു. ഈ തടസ്സങ്ങൾ നീക്കുന്നതിനുവേ നിയാണ് ഇപ്പോൾ ഈ അമൻഡുമെൻറ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. കടബാദ്ധ്യതയുള്ള വ്യവസായങ്ങൾക്ക് കടംകൊടുക്കുവാനുള്ള പ്രയാസങ്ങളാണ് ഇപ്പോൾ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുവാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ ഇവിടെ ഉള്ള ചെറുകിടവ്യവസായങ്ങൾ മിക്കവാറും തന്നെ കടബാദ്ധ്യതകൊണ്ട് വിഷമിക്കുന്നവയാണ്. അങ്ങനെയുള്ള വ്യവസായങ്ങൾക്ക് ധനസഹായം ചെയ്യുകൊടുക്കേണ്ട പ്രാധാന്യത്തെ മനസ്സിലാക്കിക്കൊണ്ടാണ് ഗവണ്മെൻറ് ഇതിനു തയാറായത്. ഇപ്പോഴത്തെ നിയമമാണെങ്കിൽ ഒരു വ്യവസായത്തിനു മുതൽമുടക്കു നൂറു രൂപയാണെങ്കിൽ അതിനു കടബാദ്ധ്യത നാൽപതു രൂപ ഉണ്ടെങ്കിൽ ആ നാല്പതു രൂപ കഴിച്ചു ബാക്കിയുള്ള അറുപതു രൂപയുടെ അറുപതു ശതമാനം മാത്രമേ, അതായത് മുപ്പത്താറു രൂപ മാത്രമേ ഗവണ്മെൻറിൽ നിന്നും സഹായം ലഭിക്കുവാൻ അവകാശമുള്ളൂ. അങ്ങനെ 36 രൂപ സഹായം ലഭിച്ചതിൽ നാലു രൂപ കൂടെ കൂട്ടി അങ്ങനെ നാല്പതു രൂപ കൊടുത്താൽ മാത്രമേ ആ വ്യവസായത്തിന്റെ കടബാദ്ധ്യത ഒഴിയുകയുള്ളൂ. അതു നീക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി അനുസരിച്ച് ആ വ്യവസായത്തിനു 100 രൂപ മുതൽമുടക്കുണ്ടെങ്കിൽ ആ 100 രൂപയുടെ 60 ശതമാനമായ 60 രൂപ ഗവണ്മെൻറിൽനിന്നും കടംകൊടുക്കുവാൻ സാധിക്കും. അതിൽ നാല്പതു രൂപാ എൻകംബ്രൻസ് തീർത്തിട്ട് ബാക്കി 20 രൂപാ ആ വ്യവസായിക്കു വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഉപയോഗിക്കുവാൻ സാധിക്കും. അതുകൊണ്ട് കടബാദ്ധ്യതകൊണ്ട് വിഷമിക്കുന്ന വ്യവസായികൾക്കു് ആശ്വാസം നൽകുന്നതിനു വേണ്ടിയുള്ള ഈ ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. താണുപിള്ള : ഫിനാൻസു കാപ്പിറേഷനിൽ ഇതിനുള്ള പ്രൊവിഷൻ എന്താണു്?

ശ്രീ. എ. എ. റഹീം : അതു് എന്താണെന്നു് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. അതു് എന്റെ കൈവശം ഇല്ല.

ശ്രീ. പി. എസ്. നടരാജപിള്ള : സ്റ്റാറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ചാർട്ടു് ഇതിനു സ്പോൺസർ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം : ഇല്ല. വാല്യുവേഷൻഫീസും അഡിറ്റഫീസും മറ്റും ഈടാക്കുവാൻ ചില വിഷമതകൾ നേരിടുന്നുണ്ടു്. പെൻഡിങ് ആപ്ലിക്കേഷൻസു് ധാരാളം ഉണ്ടു്. മാത്രമല്ല ഈ വ്യവസായങ്ങൾക്കു് കടബാദ്ധ്യതയാണുള്ളതെന്നും അതിനു് സഹായം നൽകുകയാണെങ്കിൽ അതു തുടർന്നു നടത്തുവാൻ സാധിക്കുമെന്നും ഗവണ്മെൻറിനു തോന്നി. അതുകൊണ്ടാണു് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. പി. എസ്. നടരാജപിള്ള : കഴിഞ്ഞ ആഗസ്റ്റിൽ ഒരു അമൻഡുമെൻറ് പാസ്സായിട്ടില്ലേ?

ശ്രീ. എ. എ. റഹീം : ഇതു പുതിയ അമൻഡുമെൻറാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നടരാജപിള്ള : ഈ വ്യവസായങ്ങളുടെ കൺട്രോളും മറ്റുമെല്ലാം സ്റ്റാറ്റ്യൂട്ടറിബോർഡിനല്ലേ ?

ശ്രീ. എ. എ. റഹീം : ബോർഡിനു നിന്നു പാസ്സാക്കി അയച്ചിട്ടുള്ള അപേക്ഷകൾക്ക് ധനസഹായം നൽകണമെങ്കിൽത്തന്നെയും ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നാലേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നതു്.

SHRI P. S. NATARAJA PILLAI : Sir, I think the Amendment Bill requires better study. Therefore I move that it may be referred to a Select Committee for report.

During the last Session we passed an Act amending Section 11 of the State Aid to Industries Act whereby we liberalised the provision for accepting collateral securities and granting loans to industries in time. Now, Sir, a new Bill is here before the House and there is a peculiar aspect about it. The Bill is to validate an Ordinance. When in August the question was debated and studied, there was no shadow of doubt that there will be further difficulties. The hon. Minister has now admitted that the State Aid to Industries Board have not recommended the present change.

SHRI M. P. MENON : May I correct the hon. Member. The Board has recommended it.

SHRI P. S. NATARAJA PILLAI : I prefer to take the official version in these matters. It was admitted that this was not considered by the Board. Government have by themselves issued an Ordinance. And what is the date of that Ordinance ? We got summons for this Session on the 9th February. The Ordinance was issued on the 10th February. So after issuing Summons, the extraordinary power invested in the Rajpramukh was invoked and the Ordinance was issued. Government knew perfectly well that the Legislature will meet on the 27th and they could legitimately have waited till the 27th to introduce this Bill. There was no case for urgency. When after executive action has been taken on this line and Ordinance has been issued, they come before us and ask for its being validated without scrutiny. We want to be helpful to the administration. But when we find a course of action has been adopted which on the face of it is not regular, and which in my view, is an unreasonable exercise of the power to issue Ordinance, we have to claim that the question must be gone into fully, and should not be passed without being scrutinised by the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Nataraja Pillai]

Then again the new provision is to give 60 per cent of the gross value of the property after making deduction for all encumbrances. The previous provision was for giving 60 per cent of the net value as loan. Take for example the case of an industry, say milling industry *i. e.* oil mills. They may have a running account with the Bank charged on the industry. The Bank might find it impossible or might not be inclined to advance further money. They approach the State Aid to Industries Board. The Board makes the valuation. After making the full valuation, deducting the encumbrances on that, they may fix a percentage, if I remember correct, say 60 per cent of the net valuation for further advance. It may be, that the Bank may be charging 9 or 10 per cent. The Government of India Funds and State Funds are available at lower rates of interest. What I mean is that if a particular amount is available with this Government for helping industries, it should be distributed in such a way as to help the expansion of industries and not for the monetary gain of a particular industrialist. More and more funds should be available to larger number of industries to enable them to step up production. It is not to give relief to certain industrialists or to increase their profits this fund should be used. The Banks are there to help the established industries in its normal working. Should we go as a competitor to commercial Banks? The questions therefore arises as to the way in which the matter has to be approached. Apart from that as long as we have got a Board should not this change be recommended by the Board. Even if it be so, it is for the House to decide whether this change will really help the industry. In view of the not very reasonable exercise of the Ordinance making power, it is the duty of the House to have this bill properly scrutinised and again on its merits the question has to be gone into whether the expansion of credit to individual industries should be granted or whether expansion of credit should go to benefit industries as such. On these two grounds I request that the Bill may be referred to a Select Committee to go into it.

ശ്രീ. എം. പി. മേനോൻ : സർ, ഈ ബി ഒരു സെലക്ട്കമ്മി റ്റിക്കയക്കണമെന്ന ശ്രീമാൻ നടരാജപിള്ളയുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. പക്ഷെ അതോടൊപ്പംതന്നെ ആ റിപ്പോർട്ട് ഒരാഴ്ചയോ ഒന്നര ആഴ്ചയോ ഉള്ളിൽ കഴിയുന്നതും വേഗം ഇവിടെ അവതരിപ്പിച്ച പാസ്സാക്കി ഒരു നിയമമാക്കണമെന്നുമാണ് എനിക്കു പറയുവാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ളതു്. അതിനുള്ള ഒരു പ്രധാന കാരണം ഈ സാമ്പത്തികവർഷത്തിൽ നമ്മുടെ ബഡ്ജറ്റിൽ 15 ലക്ഷം രൂപാ ഈ ആവശ്യത്തിലേക്കു വേണ്ടി കൊള്ളിച്ചിരുന്നു എങ്കിലും ഇതുവരെ ആകെ ഒരു പൈസ പോലും കൊടുത്തിട്ടില്ലാ എന്നുള്ളതുതന്നെ കാരണമാണു്. 1951-ൽ ആണെന്നു തോന്നുന്നു ഈ ബിൽ പാസ്സാക്കിയതു്. അതിനു ശേഷം 1956-ാമാണ്ടു് ഫെബ്രുവരിമാസംവരെ നൂറുക്കണക്കിനുള്ള അപേക്ഷകളിൽ നിജസ്ഥിതിയിലുള്ളവയും, അപേക്ഷാ ഫീസോടുകൂടിയും, ഈ ബോർഡിന്റെ മുമ്പിലും താലൂക്കാഫീസിലുമായി കൂടി കിടപ്പുണ്ടു്. എന്നാൽ ഈ അപേക്ഷകളുടെ....

ശ്രീ. ഏ. താണുപിള്ള : ഈ ഫൈനാൻസു് കാർപ്പൊറേഷനെ സംബന്ധിച്ചിടത്തോളം അതിലെ പ്രൊവിഷൻ എന്താണെന്നുപറയാമോ?

ശ്രീ. എം. പി. മേനോൻ : പറയാം, ഞാൻ അതിലേക്കു് വരികയാണു്. ഇതുവരെയായി ഒരൊറ്റക്കാര്യത്തിലും ഈ അപേക്ഷകന്മാർക്കു് കൊടുക്കാൻ സാധിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസു് ബോർഡിനു ഈ അപേക്ഷകളെ സംബന്ധിച്ചിടത്തോളം അവരുടെ മുമ്പാകെ പല സാങ്കേതിക തടസ്സങ്ങളും ഉണ്ടാകുന്നതുകൊണ്ടാണു്. ഇപ്പോൾതന്നെ ആറോ ഏഴോ അപേക്ഷകൾ അനുവദിക്കണമെന്നു് ബോർഡ് ശുപാർശചെയ്തിട്ടു് മാസങ്ങൾ നാലുകഴിഞ്ഞു. ഈ നാലുമാസമായിട്ടും ബോർഡു റെക്കമെൻഡുചെയ്ത വായ്പകൾ, സാങ്കേതിക തടസ്സങ്ങൾ മൂലം കൊടുക്കാതെ കിടക്കുകയാണു്. ഇതു നമ്മുടെ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായ ഒരു അവസ്ഥയല്ലേ? ഈ സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് നിയമമനുസരിച്ചു് കടം കിട്ടുവാൻ അപേക്ഷിക്കുന്നതു് ചെറുകിടവ്യവസായികളാണു്. എന്നാൽ അവർക്കു് എതെങ്കിലും ബാദ്ധ്യതകളുണ്ടെങ്കിൽ അതു തീർക്കാൻ കടം കിട്ടുന്നതല്ല എന്നുവന്നാൽ അതു ചെറുകിട വ്യവസായങ്ങൾ പൊളിഞ്ഞുപോകുന്നതിനു പകരം ഇല്ലായ്മ ചെയ്യുകയായിരിക്കും. ഈ ചെറുകിട വ്യവസായികൾ അവരുടെ വ്യവസായങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിലേക്കു് ബാങ്കുകളിൽനിന്നും മറ്റു് എതെങ്കിലും വ്യക്തികളിൽനിന്നും വായ്പ വാങ്ങി വ്യവസായങ്ങൾ നടത്തുന്നവരാണു്. അങ്ങനെ വാങ്ങുന്ന കടങ്ങൾക്കു് അവർ പലിശയിനത്തിൽ ഒരു നല്ല സംഖ്യ കൊടുത്തുതീർക്കേണ്ടതായി വരികയും തൻമൂലം അവരുടെ വ്യവസായങ്ങൾ ക്ഷയോന്മുഖമായിത്തീരുകയും ചെയ്യുന്നു. അതിനു് ഒരു പരിഹാരമാർഗ്ഗമായിട്ടാണു് ഈ സ്റ്റേറ്റ് എയിഡഡ് ഇൻഡസ്ട്രീസ് ബില്ലു് ഇവിടെ അവതരിപ്പിച്ചു പാസ്സാക്കിയതു്. ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു് പത്തോ അൻപതിനായിരമോ രൂപ കുറഞ്ഞ പലിശനിരക്കിൽ ഈ ചെറുകിട വ്യവസായികൾക്കു കടമായി കൊടുക്കാൻ കഴിയുന്നതാണു്. ഉദാഹരണമായി ഒരാൾക്കു് ഒരുലക്ഷം രൂപയുടെ മൂലധനം ഉണ്ടെന്നു വെയ്ക്കുക. അതിന്റെ ഉറപ്പിന്മേൽ ഒരു നാൽപതിനായിരം രൂപാ ബാങ്കുകളിൽനിന്നോ മറ്റു വ്യക്തികളിൽനിന്നോ കടംവാങ്ങി വ്യവസായത്തിൽ മുടക്കി എന്നിരിക്കട്ടെ. സാധാരണഗതിയിൽ ഇന്നു ബാങ്കുകളിൽ കൊടുക്കേണ്ട പലിശ ഒൻപതു ശതമാനമാണു്. പിന്നെ മൂന്നു മാസം കൂടുമ്പോൾ തീർക്കണമെന്നെല്ലാം പറഞ്ഞു് ഒരു മൂന്നരശതമാനം കൂടി അവർ ഈടാക്കിവരുന്നുണ്ടു്. ഇങ്ങനെ പത്തോ നാൽപതിനായിരമോ രൂപ വല്ല വ്യക്തിക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ളിൽ നിന്നോ ബാങ്കിൽനിന്നോ കടമെടുക്കുന്ന ഒരു ചെറുകിടവ്യവസായി അതിനു് പന്ത്രണ്ടരശതമാനം പലിശകൊടുക്കുക എന്നു വരികയാണെങ്കിൽ അതു ആ വ്യവസായത്തിനു താങ്ങാൻ സാധിക്കാത്ത ഒരു കാര്യമാണു്. നേരെമറിച്ചു് ഗവണ്മെൻറിൽനിന്നും കടം കൊടുക്കുകയാണെങ്കിൽ ഒരു നാലരയോ അഞ്ചോ ശതമാനം പലിശയാണു കൊടുക്കേണ്ടിവരുന്നതു്. അപ്പോൾ സ്റ്റോറു എയിഡഡ് ഇൻഡസ്ട്രീസ് ബില്ലിലെ വ്യവസ്ഥയനുസരിച്ചു് കടം കൊടുക്കുന്നപക്ഷം ഈ പലിശനിരക്കു കുറച്ചുകൊടുക്കുകയാണു്. ഇതു് ഈ ചെറുകിടവ്യവസായികൾക്കു് വളരെ വലുതായ ഒരു സൗകര്യമായിരിക്കും. സ്റ്റോറു് എയിഡഡ് ഇൻഡസ്ട്രീസ് നിയമം കൊണ്ടു് നിലവിലുള്ള വ്യവസായങ്ങൾ വീണുപോകാതെ, അവക്കു് സാമ്പത്തിക പരാധീനം ഉണ്ടാകാതെ വികസിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നതാണുദ്ദേശമെന്നു ഞാൻ മനസ്സിലാക്കുന്നു. ചെറുകിട വ്യവസായങ്ങൾ എന്നു പറയുന്നതു് ആയിരമിൽ, സാമിൽ, ഓട്ടുകമ്പനി മുതലായവയാണു്. ഈ വ്യവസായങ്ങളെല്ലാം സാമ്പത്തികപരാധീനത മൂലം നിന്നുപോകുന്നതായി നമുക്കെല്ലാവർക്കും അറിവുള്ളതാണു്. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ ഇന്നു് ഒരു ലക്ഷംരൂപാ മൂലധനമുള്ള ഒരു ചെറുകിട വ്യവസായിക്കു് നാൽപതിനായിരം രൂപാ കടംവാങ്ങിയിട്ടുണ്ടെങ്കിൽ സ്വന്തമായി ഈ നാല്പതിനായിരം രൂപാ തട്ടിക്കഴിച്ചു ബാക്കിയുള്ള അറുപതിനായിരം രൂപായുടെ അറുപതുശതമാനമാണു് ഇന്നു് ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ഗവണ്മെൻറിൽ നിന്നു വായ്പയായി ലഭിക്കുന്നതു്. അതായതു്, മുപ്പത്താറായിരം രൂപായാണു ഈ സ്റ്റോറു എയിഡഡ് ഇൻഡസ്ട്രീസ് ബില്ലിലെ വ്യവസ്ഥയനുസരിച്ചു കടം കൊടുക്കാൻ സാധിക്കുന്നതു്. അപ്പോൾ ഈ അനുവദിക്കുന്ന മുപ്പത്തിആറായിരം രൂപ കൂടാതെ നാലായിരം രൂപാ കൂടി കയ്യിൽനിന്നും എടുത്തുചെലവാക്കി ആകെ കൊടുത്തുതീർക്കുവാനുള്ള നാൽപതിനായിരം രൂപാ കൊടുക്കുവാൻ സാധിക്കയുള്ളൂ.

ശ്രീ. പി. എസ്. നടരാജപിള്ള : അപ്പോൾ സ്റ്റോറു് എയിഡഡ് ഇൻഡസ്ട്രീസ് ബില്ലനുസരിച്ചുള്ള ബാദ്ധ്യത സെക്കൻഡു ചാർജ്ജായിവരികയില്ലേ. അതു് ഫസ്റ്റ് ചാർജ്ജായിരിക്കണമെന്നു നിർബന്ധമുണ്ടോ?

ശ്രീ. എം. പി. മേനോൻ : എൻറെ അഭിപ്രായം ഫസ്റ്റ് ചാർജ്ജായിരിക്കണമെന്നാണു്.

ശ്രീ. എ. എ. റഹീം : ഗവണ്മെൻറിൻറെ ബാദ്ധ്യത എപ്പോഴും ഫസ്റ്റു ചാർജ്ജായിരിക്കണം.

ശ്രീ. എം പി. മേനോൻ : അങ്ങനെ തന്നെ വേണമെന്നാണെൻറെ അഭിപ്രായം. ബാക്കി ബാദ്ധ്യതകളെല്ലാം സെക്കൻഡ് ചാർജ്ജാണു്.

ഇങ്ങനെ ഫസ്റ്റു ചാർജ്ജായി പരിഗണിച്ചു് അതിൻറെ പേരിൽ ഈ നാൽപതിനായിരം രൂപയ്ക്കു് പന്ത്രണ്ടര ശതമാനംവച്ചു പലിശകൊടുക്കുക എന്നു വന്നാൽ അതു വളരെ വിഷമമുള്ള ഒരു കാര്യമാണു്. ഈ മാതിരി നൂറിലധികം പ്രോജക്ടുകൾ അപേക്ഷകരിൽ ഇന്നു ബോർഡിൻറെ മുമ്പാകെയുണ്ടു്. അവ പരിശോധിച്ചുനോക്കിയാൽ പൂർവ്വകാല കടബാദ്ധ്യതകളും കൊണ്ടു് അന്യായമായ പലിശ കൊടുത്തുവരുന്നവരും തൻമൂലം വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly

മാന്ദ്യം അനുഭവിക്കുന്നവരുമായ പല ആളുകളുണ്ടെന്നു കാണാം. അവരെ സഹായിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. കൊല്ലംതോറും പതിമൂന്നും, പതിന്നാലും, പതിനഞ്ചും ലക്ഷം രൂപാ നമ്മുടെ ബഡ്ജറിൽ ഇത് ലേക്കുവേണ്ടി കൊള്ളിച്ചു വരുന്നുണ്ടെന്നാണെനിക്കു തോന്നുന്നതു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇതേസംബന്ധിച്ചു സ്റ്റേറ്റ് ഫിനാൻഷ്യൽ ഇൻഡസ്ട്രീസ് ബോർഡ് അതിന്റെ അഭിപ്രായം രേഖപ്പെടുത്തീട്ടുള്ളതും അതു ഗവണ്മെന്റിലേക്കു് അയച്ചിട്ടുള്ളതുമാണു്.

ബഹു: തിരുവനന്തപുരം മെമ്പർ ശ്രീ. താണുപിള്ള അവർകൾ ചോദിച്ചു ഇൻഡസ്ട്രിയൽ ഫൈനാൻസുകാർപ്പോറേഷന്റെ നിലയെന്തെന്നു്. ഒരൊറ്റ വ്യത്യാസം മാത്രമേയുള്ളൂ. അതിൽ ആകെയുള്ള മൂലധനത്തിന്റെ അൻപതു ശതമാനമേ കടംകൊടുക്കുകയുള്ളൂ. ഇവിടെ അറുപതുശതമാനം കൊടുക്കും. മുൻബാദ്ധ്യത തീർക്കാൻ ഫൈനാൻസുകാർപ്പോറേഷനും പണം കൊടുക്കുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : അവർ ഫസ്റ്റ് ചാർജ് പരിഗണിക്കാതെ അഡ്വാൻസു ചെയ്യുമോ ?

ശ്രീ. എം. പി. മേനോൻ : ഫസ്റ്റ് ചാർജ് വേണമെന്നു് അവിടെ നിർബന്ധമാണു്. അതുണ്ടായിരിക്കണമെന്നുമാണു ഞാൻ പറയുന്നതു്.

നമ്മുടെ രാജ്യത്തുള്ള ചെറുകിട വ്യവസായികൾക്കു് എന്തെങ്കിലും ഗുണമുണ്ടാകുന്നമെന്നുണ്ടെങ്കിൽ കഴിയുന്നതും.....

ശ്രീ. എ. താണുപിള്ള : ഈ ഒരുലക്ഷം രൂപ വിലയുള്ള വസ്തുവിനു് നാൽപതിനായിരം രൂപ കടംവാങ്ങിയിട്ടുണ്ടെങ്കിൽ ബാക്കിയുള്ള അറുപതിനായിരം രൂപയുടെ അറുപതുശതമാനം അതായതു മുപ്പത്തി ആറായിരം രൂപയാണു കടമായി ലഭിക്കുന്നതു്. അതിൽ കൊടുക്കാനുള്ള കടം കൊടുത്തുകഴിഞ്ഞതായാൽ പിന്നെ ഇൻഡസ്ട്രിക്കുവേണ്ടി മുടക്കുവാനുള്ളതു് എത്രയാണു്. അതുതന്നെയുണ്ടു് ഇപ്പോൾ ഇരിക്കുന്ന പരിതഃസ്ഥിതിയാണു കൂടുതൽ അനുകൂലമായിട്ടുള്ളതു്.

ശ്രീ. എം. പി. മേനോൻ : ആ തത്വം എനിക്കു മനസ്സിലാകുന്നില്ല. ഭൂതകാലബാദ്ധ്യതകളുണ്ടെങ്കിൽ അതിലേക്കു് പലിശനിരക്കു കൂടുതൽ കൊടുത്തുകൊണ്ടിരിക്കുകയാണു്. അപ്പോൾ മുപ്പത്താറായിരം രൂപയും ഇൻഡസ്ട്രീസിൽ മുടക്കാൻ സാധിക്കയില്ല. മാത്രമല്ല അതു ഫസ്റ്റ് ചാർജ്ജായി കിട്ടണമെന്നു ഗവണ്മെന്റിനു നിർബന്ധമുണ്ടാകേണ്ടതുണ്ടു്. ശ്രീ. താണുപിള്ള പറഞ്ഞ രീതിയിലാണെങ്കിൽ മൊത്തത്തിൽ എഴുപത്തിആറായിരം രൂപ കടം വരുന്നുണ്ടു്. അതിന്റെ പലിശകൊടുക്കേണ്ടിവരുന്നപക്ഷം വ്യവസായത്തിനു് താങ്ങാൻ സാധിക്കാതെ കടം വർദ്ധിക്കുകയും തന്മൂലം വ്യവസായം നിലനിറുത്തിക്കൊണ്ടുപോകാൻ കഴിയാതെ വരികയും ചെയ്യും. ഇതുമുഴുവൻ ഇതിന്റെ മെർറ്റ്സിനെ സംബന്ധിച്ചുള്ള ഒരു കാര്യമാണു്. അതുകൂടാതെ ഒരു ഓർഡിനൻസു പാസ്സാക്കിയതിനെപ്പറ്റി ശ്രീ. നടരാജപിള്ള പറഞ്ഞ അഭിപ്രായങ്ങളോടു് ഞാൻ പൂർണ്ണമായും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഫാർമീസ്: സർ, ഞാൻ ഈ ഭേദഗതിബില്ലിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. അതോടൊപ്പം നിലവിലിരിക്കുന്ന ബില്ലിലുള്ള ചില വാക്കുകളുടെ മാറ്റംകൊണ്ടു ഉദ്ദേശം സാധിക്കുമായിരുന്നു എന്നു് എനിക്കു തോന്നുന്നു. വ്യവസായങ്ങൾക്കു് കാര്യമായ ഗുണം ചെയ്യണമെന്നുണ്ടെങ്കിൽ രണ്ടു സംഗതികളാണു നാം ചെയ്യേണ്ടതു്. ഒന്നു് കഴിഞ്ഞ പലിശയ്ക്കു പണം കടംകൊടുക്കണം. രണ്ടാമതു് വ്യവസായത്തിനുള്ള ആസ്തിയുടെ ഉറപ്പിന്മേൽ പരമാവധി കടം കിട്ടാനുള്ള സാദ്ധ്യത ഉണ്ടായിരിക്കണം. നിലവിലിരിക്കുന്ന നിയമമനുസരിച്ചു പരമാവധി കടം കിട്ടാനുള്ള സാദ്ധ്യതയില്ല. കാരണം അപേക്ഷ കൊടുക്കുമ്പോഴുള്ള അവസ്ഥമാത്രം അടിസ്ഥാനമാക്കിയാണു തുക നിശ്ചയിക്കുന്നതു്. എന്തെങ്കിലും ബാദ്ധ്യതയുള്ള പക്ഷം ആസ്തിയിൽനിന്നും അതു കിഴിച്ചു് ബാക്കി ആസ്തിയുടെ അറുപതുശതമാനം കൊടുക്കുക എന്നുള്ള ഒരു വ്യവസ്ഥയാണു ഇവിടെ ചേർത്തിരിക്കുന്നതു്. അതുകൊണ്ടു് അപേക്ഷകനു പരമാവധി പ്രയോജനം കിട്ടത്തക്കവിധമുള്ള നിലയല്ല. അതുകൊണ്ടു ഈ ഒരു ഭേദഗതി ചെയ്യേണ്ടതാവശ്യമാണു്.

രണ്ടാമതു് ശ്രീമാൻ എം. പി. മേനോൻ പറഞ്ഞതുപോലെ ബാങ്കുകളിൽനിന്നോ, ഏതെങ്കിലും ക്രഡിറ്റ് സ്ഥാപനങ്ങളിൽ നിന്നോ, ഓവർഡ്രാഫ്റ്റു വാങ്ങിയിട്ടുണ്ടെങ്കിൽ അതു് ഇന്നത്തെ നിരക്കനുസരിച്ചു കുടിയ പലിശയ്ക്കായിരിക്കും. നിലവിലിരിക്കുന്ന വ്യവസായങ്ങളെ സഹായിക്കുക എന്നുള്ളതാണു ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നതെങ്കിൽ അധികപലിശ കൊടുക്കാതിരിക്കുന്നതിനു വേണ്ടി ഗവണ്മെന്റു പരമാവധിയായ കുറഞ്ഞപലിശനിരക്കിൽ കൊടുക്കണം. ഇൻഡസ്ട്രിയൽ എയിഡിനുവേണ്ടി വ്യവസായത്തിൽ ഗവണ്മെന്റു പണം കടംകൊടുക്കുമ്പോൾ മുൻബാദ്ധ്യതകളും അവസാനിപ്പിക്കുവാൻ വ്യവസ്ഥ ചെയ്യണം.

ബാങ്കുകളുടെ ബിസിനസ്സ് നഷ്ടപ്പെടുമെന്നു് ഭയപ്പെടേണ്ട ആവശ്യമില്ല. സ്ഥിരമായ ആസ്തിയുടെ ഉറപ്പിന്മേൽ തന്നെയല്ല, Floating ആസ്തിയുടെ ഉറപ്പിന്മേലും കമ്മേഴ്സ്യൽ ബാങ്കുകൾക്കു് വ്യവസായങ്ങൾക്കു കടംകൊടുക്കുവാൻ സാധിക്കും.

പ്രൈവറ്റു സ്ഥാപനങ്ങളെപ്പോലെ കടക്കാരനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നതിനു ഗവണ്മെൻറിനു സാധിച്ചു എന്നുവരികയില്ല. അതുകൊണ്ടു ഒരു ചാർജ്ജു് ഗവണ്മെൻറിനുതന്നെ ഉണ്ടായിരിക്കണം. മുൻബാദ്ധ്യത നിലനിറുത്തിക്കൊണ്ടു കടം കൊടുക്കുകയാണെങ്കിൽ മുൻബാദ്ധ്യത വർദ്ധിച്ചു് പിൻബാദ്ധ്യത നഷ്ടപ്പെടുന്നതിനു് ഇടയാകും. ഇതിനു നിലവിലുള്ള നിയമത്തിൽ വെർബൽ ചെയിഞ്ചസ് ചെയ്യാൻ പാടില്ലേ എന്നു് ചിന്തിക്കേണ്ടതാണു്. അതിലേക്കു് ഒരു ഭേദഗതി കൂടി റിപ്പോർട്ടു സമർപ്പിക്കുന്നതിനുവിധത്തിൽ ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കുന്നതു നന്നായിരിക്കുമെന്നു് ഞാൻ കരുതുന്നു.

10 A. M.

ശ്രീ. എ. എ. റഹിം: 1952 മുതലുള്ള അപേക്ഷകളുണ്ടു്. 300 ഓളം അപേക്ഷകളിലായി 71 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ടു്. ബോർഡിൽ നിന്നും 3 ലക്ഷത്തിൽപരം രൂപ കൊടുക്കാൻ ഓർഡർ പാസ്സാക്കികഴിഞ്ഞിട്ടുണ്ടു്. ഗവണ്മെൻറിനു ഇതിൽ 21,000 രൂപ മാത്രമേ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. കടബാദ്ധ്യതകൊണ്ടും മറ്റും വിഷമിക്കുന്ന ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ആർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. അല്ലാതെ അസംബ്ലിയുടെ അവകാശങ്ങളെ ഒഴിവാക്കുന്നു എന്തെങ്കിലും പ്രവർത്തിക്കണമെന്നുള്ള ദുരുദ്ദേശം അതിന്റെ പിന്നിലില്ലെന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. വളരെ കൂടുതൽ പലശനിരക്കിൽ പണംവാങ്ങി പല ചെറു വ്യവസായികളും ഇന്നു നശിച്ചുവരുന്നതായി അറിയാം. ചില വ്യവസായങ്ങൾ മുന്നോട്ടു നടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ മുടങ്ങി കിടക്കുന്നുമുണ്ട്. അങ്ങനെ മുടങ്ങിക്കിടക്കുന്ന വ്യവസായങ്ങളെ സഹായിക്കുന്നതുകൂടി ഇതിന്റെ പരിധിയിൽപ്പെടും. പുതിയ വ്യവസായങ്ങളെ സഹായിക്കുന്നതിനു മാത്രമല്ല, നിലവിലുള്ള വ്യവസായങ്ങളെ സഹായിക്കുന്നതിനുകൂടി ഉദ്ദേശിച്ചാണ് ഇതു കൊണ്ടുവന്നിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ കഴിയുന്നതും വേഗത്തിൽ ഇത്തരത്തിലുള്ള വൈഷമ്യങ്ങൾ ദൂരീകരിച്ചു് ഈ രാജ്യത്തെ വ്യവസായപ്രവർത്തനങ്ങൾക്കു സഹകര്യം നൽകാൻ കഴിയുമെന്നു് വിചാരിച്ചാണ് ആർഡിനൻസു പുറപ്പെടുവിച്ചതു്. ഇതൊരു സെലക്ട്കമ്മിറ്റിക്ക് അയയ്ക്കണമെന്നു് പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. രാജ്യസ്നേഹം വിളിച്ചോട്ടി സമർപ്പിക്കുകയുവിധം താഴെ പേരുപറയുന്ന മെമ്പറന്മാർ അടങ്ങിയ സെലക്ട്കമ്മിറ്റിക്ക് ബിൽ അയയ്ക്കണമെന്നു് ഞാനപേക്ഷിക്കുന്നു.

1. ശ്രീ. കളത്തിൽ വേലായുധൻനായർ
2. ,, ഇടിക്കുള ഇടിക്കുള
3. ,, പി. രാമസ്വാമിപിള്ള
4. ,, പി. എസ്. നടരാജപിള്ള
5. ,, ടി. കെ. ദിവാകരൻ
6. ,, എം. പി. മേനോൻ
7. ,, കെ. സി. ജോർജ്ജ്
8. ,, എ. എ. ഡി. ലൂയിസ്

കോറം അഞ്ചായിരിക്കുന്നതാണ്.

MR. DEPUTY SPEAKER : The question is that the Travancore-Cochin State Aid to Industries (Amendment) Bill be referred to a select committee consisting of the following members :

(1) Shri Kalathil Velayudhan Nair
(2) ,, Idiculla Idiculla
(3) ,, P. Ramaswami Pillai
(4) ,, A. A. D. Luiz
(5) ,, P. S. Nataraja Pillai
(6) ,, M. P. Menon
(7) ,, T. K. Divakaran
(8) ,, K. C. George, and the Mover.

The quorum will be five and the Select Committee will report within 7 days.

The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly